ഭരണഭാഷ - മാതൃഭാഷ
## വ്യാവസായിക പരിശീലന വകുപ്പ്
(കേരള സംസ്ഥാനം)

ട്രെയിനിംഗ് ഡയറക്ടറേറ്റ്,
തൊഴിൽ ഭവൻ
തിരുവനന്തപുരം.33

നമ്പർ. DT/2574/2023-A9 തീയതി:24.05.2023

## സർക്കുലർ

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ്- ട്രെയിനിംഗ് ഡയറക്ടറേറ്റ്- രാത്രി കാവൽക്കാരുടെ ജോലി സമയവും സേവന വ്യവസ്ഥകളും പരിഷ്കരിക്കുന്നത് - സർക്കാരിൽ റിപ്പോർട്ട് സമർപ്പിക്കുന്നത്- സംബന്ധിച്ച്.

സൂചന:- സർക്കാർ കത്ത് നം. എ.വി.സി-III-2/11/2023/ഉ.ഭ.പ.വ, തീയതി: 09.05.2023.

********

സൂചന കണ്ടാലും. രാത്രി കാവൽക്കാരുടെ ജോലി സമയവും സേവന വ്യവസ്ഥകളും പരിഷ്കരിക്കുന്നത് സംബന്ധിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ സൂചന പ്രകാരം സർക്കാരിൽ നിന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

മേൽ റിപ്പോർട്ട് സർക്കാരിലേയ്ക്ക് സമർപ്പിക്കുന്നതിലേയ്ക്കായി ചുവടെ ചേർക്കുന്ന വിവരം വകുപ്പിന് കീഴിലെ എല്ലാ സ്ഥാപനങ്ങളിൽ നിന്നും 31.05.2023 നകം തപാൽ മാർഗം ലഭ്യമാക്കേണ്ടതാണ്.

1. താങ്കളുടെ സ്ഥാപനത്തിൽ വാച്ച്മാൻ തസ്തിക അനുവദിച്ചിട്ടുണ്ടോ? അനുവദിച്ചിട്ടുണ്ടെങ്കിൽ തസ്തികയുടെ എണ്ണം എത്ര? തസ്തിക അനുവദിച്ചിട്ടില്ലായെങ്കിൽ താൽക്കാലിക നിയമനം നടത്തുന്നുണ്ടോ? നിലവിൽ എത്ര പേർ താൽക്കാലിക നിയമനം മുഖേന സേവനത്തിലുണ്ട്. എപ്രകാരമാണ് താൽക്കാലിക നിയമനം നടത്തുന്നത്? KEXCON/എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയാണോ. വ്യക്തമാക്കുക?
2. ടി സ്ഥാപനങ്ങളിൽ രാത്രി കാവൽ ഏർപ്പെടുത്തിയിട്ടുള്ള സ്ഥാപനങ്ങൾ ഏതൊക്കെ. മേൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് ഏത് ഓഫീസ് സമുച്ചയത്തിലാണ്? പ്രത്യേക കെട്ടിടമാണോ, വാടകയ്ക്കാണോ, മറ്റു വകുപ്പുകൾ/സ്ഥാപനങ്ങൾ ഈ കെട്ടിടത്തിൽ പ്രവർത്തിക്കുന്നുണ്ടോ? ഇവയുടെ വിശദാംശം.
3. രാത്രി കാവൽ വളരെ അത്യാവശ്യമല്ലാത്ത സ്ഥാപനങ്ങൾ ഉണ്ടോ? ഏതൊക്കെ? വിശദാംശങ്ങൾ.
4. ഒരേ കെട്ടിടത്തിലോ കോമ്പൗണ്ടുകളിലോ പ്രവർത്തിക്കുന്ന ഒന്നിലധികം ഓഫീസുകൾക്ക് , സ്ഥാപനവ്യത്യാസമില്ലാതെ ഒരാളെ മാത്രം രാത്രി കാവലിനു നിയോഗിക്കാൻ കഴിയുമോ? വിശദാംശം

5. ഒരു വാച്ച്മാൻ തസ്തിക മാത്രം അനുവദിച്ചിട്ടുള്ള സ്ഥാപനങ്ങളിൽ വാച്ച്മാന്റെ ഡ്യൂട്ടി ക്രമീകരിക്കുന്നത് എപ്രകാരം. രാത്രി മാത്രമാണോ ഡ്യൂട്ടി നിർവഹിക്കുന്നത്. വിശദാംശങ്ങൾ.

മേൽ പ്രകാരം ആവശ്യപ്പെട്ട വിവരങ്ങളിൻമേൽ കൃത്യവും വ്യക്തവുമായ മറുപടി ലഭ്യമാക്കാൻ സ്ഥാപനമേധാവികൾ ശ്രദ്ധിക്കേണ്ടതാണ്. വിവരങ്ങൾ ലഭ്യമാക്കുമ്പോൾ ക്രമ നം. രേഖപ്പെടുത്തേണ്ടതും, അതത് ക്രമ നം. പ്രകാരം ആവശ്യപ്പെട്ടിരിക്കുന്ന വിവരങ്ങൾ കൃത്ത്യമായി ലഭ്യമാക്കേണ്ടതുമാണ്. സമയബന്ധിതമായി സർക്കാരിൽ റിപ്പോർട്ട് സമർപ്പിക്കേണ്ടതിനാൽ നിർദ്ദിഷ്ട തീയതിയിൽ തന്നെ ആവശ്യപ്പെട്ട വിവരങ്ങൾ സ്ഥാപനമേധാവികൾ ലഭ്യമാക്കേണ്ടതാണ്.

ഒപ്പ്/-

**അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ**

**സ്വീകർത്താവ്:**

എല്ലാ സ്ഥാപനമേധാവികളും
(വകുപ്പ് വെബ് സൈറ്റ് മുഖേന)

**//അംഗീകാരത്തോടെ//**

**സീനിയർ സൂപ്രണ്ട്**